**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3885** **27-10-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രി പദവിയിലേക്ക് ഉയർത്തിയിട്ടുണ്ടെങ്കിലും ഡി.എച്ച്.എസ് അധികൃതർ ഇന്നും അതിനെ താലൂക്ക് ആശുപത്രിയായിട്ട പരിഗണിക്കുന്ന നിലപാട് സ്വീകരിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിലപാട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വിശദാംശം നൽകുമോ; | (എ) | ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യവകുപ്പ് തുടർന്ന് വരുന്നത്.ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തി വരുന്നത്. 22.04.2017ലെ ജി.ഓ (എം.എസ്) നം:58/2017/ ആ.കു.വ ആർദ്രം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രി താലൂക്ക്തല ആശുപത്രിയായും കോട്ടയം ജനറൽ ആശുപത്രി ജില്ലാതല ആശുപത്രിയായുമാണ് പ്രവർത്തിച്ച പോരുന്നത്. |
| (ബി) | നിലവിൽ താലൂക്ക് ലെവൽ ജനറൽ ആശുപത്രിയായ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 23.09.2017ലെ ജി.ഓ (എം.എസ്) നം:136/2017/ ആ.കു.വ ആർദ്രം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, ഡെന്റൽ മെക്കാനിക്- 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 28.06.2017ലെ ജി.ഓ (എം.എസ്) നം:101/2017/ ആ.കു.വ പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് -3, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 22.09.2021 ലെ ജി.ഓ (എം.എസ്) നം:168/2021/ ആ.കു.വ പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ക്ലാർക്ക് -1 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ